പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6648 12.07.2012 -ലെ മറുപടി

**ദീർഘദൂര സർവ്വീസുകളും സൂപ്പർ എക്സ്പ്രസ്സ് ബസ്സുകളും ചേർത്തല ഡിപ്പോയിൽ കയറാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി. തിലോത്തമൻ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) | കെ.എസ്.ആർ.ടി.സി.യുടെ ദീർഘദൂര സർവ്വീസുകളും സൂപ്പർ എക്സ്പ്രസ്സ് ബസ്സുകളും ചേർത്തല ഡിപ്പോയിൽ കയറാതെ ബൈപ്പാസിൽ നിർത്തിയാൽ മതിയെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ആരാണ് പ്രസ്തുത ഉത്തരവ് ഇറക്കിയത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി. യുടെ സൂപ്പർ ഫാസ്റ്റ് മുതൽ മുകളിലോട്ടുള്ള സൂപ്പർ ക്ലാസ് സർവ്വീസുകൾ തുടങ്ങിയ കാലഘട്ടത്തിൽ ചേർത്തല ഡിപ്പോയിൽ കയറി സർവ്വീസ് നടത്തിയിരുന്നില്ല. എന്നാൽ ഇത്തരം സർവ്വീസുകളും ഡിപ്പോയിൽ കയറണമെന്ന ആവശ്യം ശക്തമായതിനെ തുടർന്ന് സൂപ്പർ ഫാസ്റ്റ് സർവ്വീസുകൾ ചേർത്തല ഡിപ്പോയിൽ കയറി വർഷങ്ങളായി സർവ്വീസ് നടത്തി വരികയാണ്. എന്നാൽ സൂപ്പർ എക്സ്പ്രസ് സർവ്വീസുകൾ ചേർത്തല ഡിപ്പോയിൽ കയറി സർവ്വീസ് നടത്തുന്നതിന് നിർദ്ദേശങ്ങളൊന്നും തന്നെ ഇതുവരെയും നൽകിയിട്ടില്ല. |
| (ബി) | സൂപ്പർ എക്സ്പ്രസ്സ് ബസ്സുകൾ ചേർത്തല ബസ്സ്സ്റ്റാന്റിൽ വരാതെ യാത്രക്കാരെ ബൈപ്പാസിൽ ഇറക്കിവിട്ടുപോകുന്നത് സംബന്ധിച്ച പരാതിയും പത്രവാർത്തകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സംഭവത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>രേഖാമൂലം ലഭ്യമായ രണ്ട് പരാതികളിൽ ചേർത്തല സ്വദേശി ശ്രീ. അശോക് കുമാറിന്റെ പരാതിയിൽ അന്വേഷണം നടത്തിയതിൽ ബസ് ജീവനക്കാർ കുറ്റക്കാരായി കണ്ടെത്തിയിട്ടില്ല. മറ്റൊരു ചേർത്തല സ്വദേശി ശ്രീ. എസ്. അഭിലാഷ് കുമാറിന്റെ പരാതിയിന്മേൽ അന്വേഷണം നടന്നുവരുന്നു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ